പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1895 01.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി ബസ്സുകളുടെ പരിപാലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ടയറും സ്പെയർ പാർട്ടുകളും വാങ്ങാത്തതിനാൽ പല ബസ്സുകളും നിലവിൽ കട്ടപ്പുറത്താണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | നിലവിൽ എത്ര ബസ്സുകളാണ് ടയറുകളുടെയും സ്പെയർ പാർട്ടുകളുടെയും അഭാവം കാരണം സർവ്വീസ് നടത്താത്തത്; | (ബി) | 24.10.2019-ൽ 288 ബസുകൾ ടയറിന് മാത്രമായി ഡോക്ക് ചെയ്തിട്ടുണ്ട്. മറ്റ് മെക്കാനിക്കൽ ജോലികൾക്കും സ്പെയർ പാർട്സുകൾക്കുമായി 958 ബസുകൾ ഡോക്ക് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പുതിയ ടയറുകൾ എന്നാണ് കെ.എസ്.ആർ.ടി.സി അവസാനമായി വാങ്ങിയത്; ഗുരുതരമായ സാമ്പത്തികസ്ഥിതി മൂലം കൂടുതൽ ബസ്സുകൾ കട്ടപ്പുറത്താകുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ എന്ത് പരിഹാരമാർഗ്ഗമാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | 17.08.2019 ലാണ് 3300 ടയറുകൾ വാങ്ങുന്നതിന് അവസാനമായി വിതരണ ഉത്തരവ് നൽകിയത്. വിതരണക്കാർക്ക് യഥാസമയം തുക നൽകാൻ സാധിക്കാതിരുന്നതുമൂലം വിതരണം നിർത്തിയതിനാലാണ് ടയർ ക്ഷാമം ഉണ്ടായത്. നിലവിൽ ടയർ കുടിശ്ശിക തീർത്തതിനാൽ ഈ മാസം 25.10.2019 വരെ ആകെ 700 ടയർ ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ടയർ ലഭ്യമാക്കി നിലവിലെ സ്ഥിതിയിൽ മാറ്റം ഉണ്ടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ